(എഫ്) ഇല്ലാത്തപക്ഷം പ്രസ്തുത എ. ഇ. ഒ. ഗവൺമെന്റ് ഉത്തരവനുസരിച്ച് ആ അദ്ധ്യാപികയ്ക്ക് ശമ്പളം കൊടുക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാമോ;

(ജി) 15-9-2003-ലെ ജി. ഒ. (ആർ. ടി.) 3683/2003/എഡ്യൂ. എന്ന ഉത്തരവ് നടപ്പാക്കുന്ന കാര്യത്തിൽ വീഴ്ചവരുത്തിയതാരാണ്;

(എച്ച്) പ്രസ്തുത ഉദ്യോഗസ്ഥന്റെ മേൽ എന്ത് നടപടി എടുക്കുവാനുദ്ദേശിക്കുന്നു;

(ഐ) ഈ അദ്ധ്യാപികയ്ക്ക് അടിയന്തിരമായി ഇക്കാലത്തെ ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിയമിച്ചിരുന്നു.

(ബി) നൽകിയിട്ടില്ല.

(സി) ഗവൺമെന്റ് നിർദ്ദേശം നല്കിയിരുന്നു.

(ഡി) 26-9-2003-ൽ ലഭിച്ചു.

(ഇ) നൽകിയില്ല.

(എഫ്) 15-9-2003-ലെ ടി ഉത്തരവനുസരിച്ച് നിയമനം അംഗീകരിച്ചശേഷമേ ശമ്പളം നൽകുവാൻ കഴിയൂ. നിയമനം സംബന്ധിച്ച പ്രൊപ്പോസലിൽ ചില പിശകുകൾ സംബന്ധിച്ചതിനെത്തുടർന്ന് നിയമനം അംഗീകരിക്കുവാൻ താമസം ഉണ്ടായി. അതുകൊണ്ട് ശമ്പളം നല്കുന്നതിനും താമസം ഉണ്ടായി.

(ജി) വീഴ്ച വരുത്തിയിട്ടില്ല.

(എച്ച്) ഇക്കാര്യത്തെപ്പറ്റി അന്വേഷണം നടക്കുന്നുണ്ട്. കുറ്റക്കാരെന്ന് കണ്ടെത്തുന്ന പക്ഷം നിയമാനുസൃതമായ നടപടി അവരുടെ മേൽ ഉണ്ടാകുന്നതാണ്.

(ഐ) സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ കോളേജുകളിലെ വികസന സമിതിയുടെ പ്രവർത്തനം

72 [1434] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ വികസന സമിതികളുടെ പ്രവർത്തനം കാലാകാലങ്ങളിൽ നിരീക്ഷണത്തിനും നിയന്ത്രണത്തിനും വിധേയമാക്കാറുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം രീതിയിലെന്ന് വിശദമാക്കുമോ;

(ബി) വികസന സമിതികൾ സ്വന്തം ഫണ്ടും സർക്കാരിൽ നിന്നും കിട്ടുന്ന ധനസഹായവും ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ "യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്" സർക്കാരിൽ സമർപ്പിക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ വ്യവസ്ഥകൾ പാലിക്കാത്ത കോളേജുകൾക്ക് എതിരെ നടപടി സ്വീകരിക്കാറുണ്ടോ;

(ഡി) എറണാകുളം മഹാരാജാസ് കോളേജിലെ വികസന സമിതിയുടെ 2002-2003 വർഷത്തെ പ്രവർത്തനത്തിലുള്ള ക്രമക്കേടുകളെക്കുറിച്ച് വകുപ്പുതല ഓഡിറ്റിൽ ഉള്ള പരാമർശം സംബന്ധിച്ച് സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ആഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രകാരം കോളേജു ഗ്രൗണ്ടിലെ കടമുറികളിലെ വാടക വികസന സമിതി പിരിക്കാനുണ്ടായ സാഹചര്യം എന്താണ്; ഇപ്പോൾ വാടക എവിടെയാണ് അടയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ക്രമവിരുദ്ധമായി വാടക ചെലവഴിച്ചവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; ആരെല്ലാമാണ് ഇതിനുത്തരവാദികൾ; പേരു വിവരം വെളിപ്പെടുത്തുമോ; എത്ര തുകയാണ് ഇപ്രകാരം ചെലവഴിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(ജി) റവന്യൂ അക്കൗണ്ടിൽ അടയ്ക്കേണ്ട തുക വകമാറ്റി സി. ഡി. സി. അക്കൗണ്ടിൽ അടച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാം പേരിൽ; ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; ഇവരുടെ പേരു വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ കോളേജുകളിലെ വികസന സമിതികളുടെ പ്രവർത്തനം കാലാകാലങ്ങളിൽ വകുപ്പുതല ഓഡിറ്റു മുഖേനയും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശങ്ങൾക്കനുസരിച്ചും നിരീക്ഷണത്തിനും നിയന്ത്രണ ത്തിനും വിധേയമാക്കിവരുന്നു.

(ബി & സി) കോളേജ് വികസന സമിതിക്കുള്ള മാച്ചിംഗ് ഗ്രാന്റ് നൽകുമ്പോൾ എല്ലാ പ്രിൻസിപ്പൽമാരോടും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ നിഷ്കർഷിക്കുന്നുണ്ട്.

(ഡി) എറണാകുളം മഹാരാജാസ് കോളേജിൽ 1-4-2000 മുതൽ 31-5-2002 വരെയുള്ള കാലയളവിലെ വകുപ്പുതല ഓഡിറ്റ് നടത്തി റിപ്പോർട്ട് പ്രിൻസിപ്പലിന് സമർപ്പിച്ചിട്ടുണ്ട്. പ്രിൻസിപ്പലിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല. 1-4-2000 മുതൽ 30-4-2002 വരെയുള്ള കണക്കുകൾ മാത്രം വിശദമായ പുനഃപരിശോധന നടത്തുകയും മേൽനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(ഇ) മഹാരാജാസ് കോളേജിന്റെ ഗ്രൗണ്ട് വർഷങ്ങൾക്കുമുമ്പ് തന്നെ വിശാല കൊച്ചി വികസന അതോറിറ്റിയുടെ കൈവശമായിരുന്നു. അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി 25-8-1998-ൽ എടുത്ത തീരുമാന പ്രകാരം ഗ്രൗണ്ടിൽ അവർ നിർമ്മിച്ച പവലിയനും 17 കടകളും 1-8-2001 മുതൽ കോളേജ് വികസന സമിതിക്ക് കൈമാറുന്നതാണെന്ന് 23-9-1998-ൽ കോളേജ് വികസന സമിതി അദ്ധ്യക്ഷനായ ജില്ലാ കളക്ടറെ അറിയിക്കുകയുണ്ടായി. 28-9-1998-ൽ നടന്ന കോളേജ് വികസന സമിതി യുടെ യോഗത്തിൽ വച്ച് അതോറിറ്റി ചെയർമാൻ ശ്രീ. കെ. ബാലചന്ദ്രൻ 1998 ആഗസ്റ്റ് മാസത്തെ വാടകയായ 20,000 രൂപയുടെ ചെക്ക് അന്നത്തെ ജില്ലാ കളക്ടറും വികസന സമിതി ചെയർമാനുമായ ശ്രീ. വി. പി. ജോയിയെ ഏല്പിക്കുകയും ചെയ്തു. തുടർന്ന് വികസന സമിതി വാടക പിരിക്കാനുണ്ടായ സാഹചര്യം ഇതാണ്. 1-7-2003 മുതൽ വാടക സർക്കാരിന്റെ റവന്യൂ ഹെഡിൽ അടച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly